(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭരണ നവീകരണ പരിപാടി

1 [179] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഡി.ബി. സഹായത്തോടെ കേരളത്തിൽ നടപ്പിലാക്കുന്ന ഭരണ നവീകരണ പരിപാടി ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലോ മറ്റേതെങ്കിലും രാജ്യങ്ങളിലോ നടപ്പിലാക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഭരണ നവീകരണ പരിപാടിയുടെ കൺസൾട്ടൻസി ചെലവിനായി എത്ര കോടി രൂപയാണ് നെതർലാന്റ്സ് സർക്കാരിൽനിന്നും ഗ്രാന്റായി ടെക്നിക്കൽ അസിസ്റ്റൻസ് ഫണ്ടിന് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഫണ്ടിൽനിന്നും നാളിതുവരെയായി കൺസൾട്ടൻസി ഫീസായി വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും 31-5-2005 വരെ എത്ര തുക നൽകി എന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത ചെലവ് ഇനം തിരിച്ച് പ്രൊഫഷണൽ സർവ്വീസ്, പരിശീലനം, പരിശീലന സാമഗ്രികൾ, സോഫ്റ്റ്വെയർ, ശില്പശാല സംഘടിപ്പിക്കൽ, യാത്രാപ്പടി, സൽക്കാരച്ചെലവ്, ഇന്ധനച്ചെലവ് എന്നിങ്ങനെ എത്ര വീതമാണെന്ന് വിശദമാക്കാമോ;

(ഇ) ഭരണ നവീകരണ പരിപാടി എത്ര സർക്കാർ സ്ഥാപനങ്ങളിൽ നടപ്പിലാക്കി വരുന്നുണ്ടെന്നും ഇതിനായി എത്ര കൺസൾട്ടന്റുമാരെ നാളിതുവരെ തെരഞ്ഞെടുത്തിട്ടുണ്ടെന്നും ഇവരുടെ സേവനത്തിന്റെ ഫലമായി സംസ്ഥാന ഭരണതലത്തിൽ നടപ്പിലായ നേട്ടങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(എഫ്) ജി. ഹരിദാസൻ ഉണ്ണിത്താൻ, ചിദംബര അയ്യർ, കോയിൻപാർ എന്നിവരെ പ്രൊക്യുവർമെന്റ് സർവ്വീസ് പ്രൊപ്രൈറ്റർ (പി.എസ്.പി.) മാരായി നിയമിച്ച കരാറിലെ നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ജി) ഭരണ നവീകരണ പരിപാടി സംബന്ധിച്ചുള്ള കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ടിന്റെ ഒരു പ്രതി ലഭ്യമാക്കാമോ? ഇക്കാര്യത്തിനായുള്ള ഡച്ച് ഫണ്ട് ഓഡിറ്റിന് വിധേയമാണോ എന്ന കാര്യവും വ്യക്തമാക്കാമോ;

(എച്ച്) ഭരണ നവീകരണ പരിപാടിയുടെ ചുമതല വഹിക്കുന്ന സെക്രട്ടറിയെ സ്ഥലം മാറ്റരുതെന്ന് എ.ഡി.ബി. ആസ്ഥാനത്തുനിന്ന് എന്തെങ്കിലും നിർദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്തെന്ന് അറിയിക്കാമോ; പ്രസ്തുത ഉദ്യോഗസ്ഥന് മറ്റേതെങ്കിലും വകുപ്പുകളുടെകൂടി ചുമതല നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഐ) എ.ഡി.ബി. യുടെ ഭരണ നവീകരണ പരിപാടിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങളെപ്പറ്റിയും നേട്ടങ്ങളെപ്പറ്റിയും കോട്ടങ്ങളെപ്പറ്റിയും നിയമസഭാ സമിതിയെക്കൊണ്ട് അന്വേഷണം നടത്തി ഭരണ സുതാര്യത ഉറപ്പു വരുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ ചില രാജ്യങ്ങളും ഇന്ത്യയിലെ ചില സംസ്ഥാനങ്ങളും ഭരണ പരിഷ്ക്കരണ നടപടികൾ നടപ്പിലാക്കി വരുന്നുണ്ട്. അതിന്റെ വിശദാംശങ്ങൾ എ.ഡി.ബി. യുടെ വെബ്സൈറ്റായ www.adb.org-ൽ ലഭ്യമാണ്.

(ബി) ഭരണ നവീകരണ പരിപാടിക്ക് ആവശ്യമായി വരുന്ന കൺസൾട്ടൻസികളെ തങ്ങളുടെ ഗ്രാന്റ് ഉപയോഗിച്ച് ലഭ്യമാക്കുന്നതിന് നെതർലാന്റ്സ് സർക്കാർ നിയമിച്ചിട്ടുള്ള പ്രൊക്യൂവർമെന്റ് സർവ്വീസ് പ്രൊവൈഡർ (പി.എസ്.പി.) യിൽനിന്നും ലഭിച്ച വിശദാംശങ്ങൾ അനുബന്ധം '1'-ൽ നൽകിയിട്ടുണ്ട്.† അതിൻ പ്രകാരം 31-5-2005 വരെ നെതർലാന്റ്സ് സർക്കാരിൽ നിന്നും പി.എസ്.പി. 6,69,56,591 രൂപ സ്വീകരിച്ചിട്ടുണ്ട്.

(സി) ഭരണ നവീകരണ പരിപാടിക്ക് ആവശ്യമായി വരുന്ന കൺസൾട്ടൻസികളെ തങ്ങളുടെ ഗ്രാന്റ് ഉപയോഗിച്ച് ലഭ്യമാക്കുന്നതിന് നെതർലാന്റ്സ് സർക്കാർ നിയമിച്ചിട്ടുള്ള പ്രൊക്യൂവർമെന്റ് സർവ്വീസ് പ്രൊവൈഡർ (പി.എസ്.പി.) യിൽനിന്നും ലഭിച്ച വിശദാംശങ്ങൾ അനുബന്ധം '2'-ൽ നൽകിയിട്ടുണ്ട്.† അതിൻ പ്രകാരം പി.എസ്.പി. 4,28,02,360 രൂപ കൺസൾട്ടൻസി ഫീസായി നൽകിയിട്ടുണ്ട്.

(ഡി) ഭരണ നവീകരണ പരിപാടിക്ക് ആവശ്യമായി വരുന്ന കൺസൾട്ടൻസികളെ തങ്ങളുടെ ഗ്രാന്റ് ഉപയോഗിച്ച് ലഭ്യമാക്കുന്നതിന് നെതർലാന്റ്സ് സർക്കാർ നിയമിച്ചിട്ടുള്ള പ്രൊക്യൂവർമെന്റ് സർവ്വീസ് പ്രൊവൈഡർ (പി.എസ്.പി.) യിൽ നിന്നും ലഭിച്ച വിശദാംശങ്ങൾ അനുബന്ധം '3'-ൽ നൽകിയിട്ടുണ്ട്.†

(ഇ) ഭരണ നവീകരണ പരിപാടി സംസ്ഥാനത്തെ 19 സർക്കാർ വകുപ്പുകൾ അവയ്ക്ക് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നടപ്പിലാക്കിവരികയാണ്. സേവന പ്രദാന പദ്ധതിക്കു കീഴിൽ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള 2500-ൽപ്പരം സ്ഥാപനങ്ങളും ഇതിൽപ്പെടുന്നതാണ്.

ഭരണ നവീകരണ പരിപാടിയുടേയും അതിന്റെ ഭാഗമായി സേവന പ്രദാന പദ്ധതിയുടേയും ആസൂത്രണത്തിനും നിർവ്വഹണത്തിനുമായി 73 വ്യക്തിഗത കൺസൾട്ടന്റുമാരുടേയും 41 സ്ഥാപനതല കൺസൾട്ടൻസികളുടേയും സേവനം ലഭ്യമായിട്ടുണ്ട്. ഇതു സംബന്ധിച്ച് പ്രൊക്യൂവർമെന്റ് സർവ്വീസ് പ്രൊവൈഡർ നൽകിയ പട്ടിക അനുബന്ധം 4, 5 എന്നിവയിൽ നൽകിയിട്ടുണ്ട്.†

ഭരണ നവീകരണ പരിപാടിയുടേയും അതിന്റെ ഭാഗമായി സേവനപ്രദാന പദ്ധതിയുടേയും രൂപകൽപ്പന മുതൽ ഇപ്പോൾ നിർവ്വഹണത്തിൽവരെ കൺസൾട്ടൻസികളുടെ സേവനം വളരെ ഫലപ്രദമായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ പൂർണ്ണമായും നിർവ്വഹണ ഘട്ടത്തിലേക്ക് കടന്നിരിക്കുന്ന പദ്ധതി പുരോഗമിക്കുന്നതിനനുസരിച്ച് സർക്കാർ വകുപ്പുകൾ ജനങ്ങൾക്ക് നൽകുന്ന സേവനത്തിന്റെ നിലവാരത്തിൽ വളരെ പ്രത്യക്ഷമായ മെന്മ ഉണ്ടാവുന്നതായിരിക്കും.

സംസ്ഥാനത്തിനകത്തും, മറ്റ് സംസ്ഥാനങ്ങളിലും വിദേശ സഹായത്തോടെ നടപ്പിലാക്കുന്ന കൺസൾട്ടൻസി ഇനത്തിലുള്ള ചെലവുകൾ അതത് സർക്കാരുകൾ തന്നെ വഹിക്കുമ്പോൾ ഭരണനവീകരണ പരിപാടിയിൽ മാത്രം മുഴുവൻ കൺസൾട്ടൻസി ഫീസും ഗ്രാന്റായി ലഭിക്കുന്നതിനാൽ ഈ ഇനത്തിൽ സംസ്ഥാന സർക്കാരിനുണ്ടാകുന്ന ലാഭം 28 കോടി രൂപയിലധികം വരും.

(എഫ്) ഈ മൂന്ന് കൺസൾട്ടൻസികളുടെയും സേവനം ഭരണനവീകരണ പരിപാടിക്ക് ലഭ്യമാക്കുന്നതിനുവേണ്ടി പി.എസ്.പി. അവരുമായി ഏർപ്പെട്ട കരാറിന്റെ പകർപ്പ് അനുബന്ധം 6, 7, 8 എന്നിവയിൽ നൽകിയിട്ടുണ്ട്.†

(ജി) ഭരണ നവീകരണ പരിപാടിയുടെ 2004 മാർച്ച് 31 വരെയുള്ള കണക്കുകൾ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. അക്കൗണ്ടന്റ് ജനറൽ സർക്കാർ വകുപ്പുകൾക്ക് ഓഡിറ്റ് റിപ്പോർട്ട് നൽകാറില്ല. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പരാമർശങ്ങൾ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിലാണ് വരാറുള്ളത്. നെതർലാന്റ് സർക്കാരിന്റെ ഗ്രാന്റ് അവർ തന്നെ നിയമിച്ചിട്ടുള്ള പി.എസ്.പി. വഴി അവർക്കുവേണ്ടിയുള്ള ചട്ടങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പ്രകാരം ചെലവഴിക്കപ്പെടുന്നതിനാൽ സംസ്ഥാന സർക്കാരിന്റെ ഓഡിറ്റിംഗ് ബാധകമല്ല. അവർക്ക് അവരുടേതായ ഓഡിറ്റിംഗ് നടപടിക്രമങ്ങളാണുള്ളത്. അതിന്റെ പകർപ്പ് സംസ്ഥാന സർക്കാരിന് നൽകുകയും ചെയ്യും.

(എച്ച്) എ.ഡി.ബി. ആസ്ഥാനത്തുനിന്ന് അത്തരം നിർദ്ദേശങ്ങൾ ഒന്നും ഇല്ല. എന്നാൽ കേന്ദ്ര സർക്കാർ എ.ഡി.ബി.- യുമായി ഒപ്പു വച്ച കരാർ പ്രകാരം ഭരണ നവീകരണ പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പുവരുത്തുവാൻ അതിന്റെ ചുമതലയുള്ള സെക്രട്ടറിയെ ന്യായമായ ഒരു കാലയളവ് പ്രസ്തുത തസ്തികയിൽ പൂർണ്ണ ചുമതലയോടെ തുടരാൻ അനുവദിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ഈ കാലയളവ് എത്രയെന്ന് നിശ്ചയിക്കേണ്ടത് സംസ്ഥാന സർക്കാരാണ്.

ഭരണ നവീകരണ വകുപ്പ് സെക്രട്ടറിക്ക് ഇപ്പോൾ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വിഭാഗത്തിന്റെ അധിക ചുമതല കൂടിയുണ്ട്.

(ഐ) ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങളും വളരെ സുതാര്യമായാണ് നിർവ്വഹിച്ചു വരുന്നത്. പദ്ധതിയുടെ എല്ലാ വിവരങ്ങളും പ്രസിദ്ധീകരണങ്ങൾ, വാർത്താ പത്രിക, വെബ്സൈറ്റ് എന്നിവ വഴി ജനങ്ങളെ അറിയിക്കുന്നുണ്ട്. കൂടാതെ പദ്ധതിയുടെ അവലോകനത്തിന് ഓരോ ജില്ലയിലും ഒരു മന്ത്രിയുടെ നേതൃത്വത്തിൽ ജില്ലയിലെ എല്ലാ പാർലമെന്റ് അംഗങ്ങളേയും നിയമസഭാ അംഗങ്ങളേയും ജില്ലയുടെ ചുമതലയുള്ള ഉദ്യോഗസ്ഥരേയും ചേർത്ത് അവലോകന സമിതികൾ രൂപീകരിക്കുന്ന കാര്യവും സജീവ പരിഗണനയിലാണ്. ഇക്കാരണങ്ങളാൽ ഒരന്വേഷണത്തിന്റെ ആവശ്യകത ഉദിക്കുന്നതേയില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly